## 918

1 സഹജരാമഖിലരുമുണർന്നിടുവിൻ
സഹകരിച്ചൊരുമയിൽ പുലർന്നിടുവിൻ
സകല ദുഷ്ടതയും വിട്ടകന്നിടുവിൻ
സഹിച്ചു കഷ്ടതകളും കടന്നിടുവിൻ-

2 ദോഷമെഴുന്നയീ നാളുകളിൽ
വേഷമല്ലാതെയില്ലാളുകളിൽ
ഭോഷ്കിന്നു പ്രിയമെഴുമകതളിരിൽ
ദൂഷണം പുലർന്നിടുമധരങ്ങളിൽ-

3 ദുർഘടസമയങ്ങൾ വന്നിടുമേ
ഉഗ്രന്മാർ മനുജരിൽ പെരുകിടുമേ
വർഗ്ഗീയ മത്സരം വളർന്നിടുമേ
സ്വർഗ്ഗീയർ നമുക്കെന്തു തളർന്നിടുവിൻ-

4 ശത്രുവാം സാത്താനോടെതിർത്തിടുവിൻ
സത്യവിരുദ്ധങ്ങൾ വെറുത്തിടുവിൻ
ക്രിസ്തനോടത്രയുമടുത്തിടുവിൻ
നിത്യവും ശക്തി കൈവരുത്തിടുവിൻ

5 നന്മയാൽ തിന്മയെ ജയിച്ചിടണം
നമ്മുടെ സൗമ്യത വിളങ്ങിടണം
വിൺമയർ നമ്മളെന്നറിഞ്ഞിടണം
മണ്മയരും വന്നു വണങ്ങിടണം- **T.K.S.**